# മാറുന്ന സംവത്സരങ്ങളും മാറാത്ത ദൈവവും..!

വീണ്ടും ഒരു സംവത്സരം അതിന്റെ ലാഭനഷ്ടങ്ങളുടെയും സന്തോഷസന്താപങ്ങളുടെയും സ്മരണകൾ മാത്രം അവശേഷിപ്പിച്ച് നമ്മെ വിട്ടകന്നു. നാഴികക്കല്ലിൽ നിന്നും നാഴികക്കല്ലുകളിലേക്ക് നാളുകൾ കാൽവയ്ക്കുകയാൽ പിന്നെയും ഒരു പുതുവത്സരം നമുക്കായി വന്നണഞ്ഞു. ഗതകാല സ്മരണകളിൽ നാം തളയ്ക്കപ്പെടുവാനോ ഭാവിയെക്കുറിച്ച് ആശങ്കപ്പെടുവാനോ പാടില്ല. ദൈവം നൽകുന്ന ഓരോ ദിവസവും ക്രിയാത്മകമാക്കുകയാണ് കരണീയം.

ബാർബറ സി. റൈബെർഗ് എന്ന ഇംഗ്ലീഷുകാരി "പടി പടിയായി" എന്ന പേരിൽ എഴുതിയ കവിത ശ്രദ്ധേയമാണ്.

എന്റെ ദൈവം എന്നെ നടത്തുന്നു
ദിവസങ്ങളിലൂടെ അല്ല
സംവത്സരങ്ങളിലൂടെയും അല്ല
അടുത്ത ചുവടിന് പാത നിരത്തി
അനുനിമിഷം എന്നെ നടത്തുന്നു.

നാളത്തെ പാതകൾ എനിക്കറിയില്ല
അറിയുന്നത് ഈ നിമിഷം മാത്രം
പിന്നിൽ ഞാൻ കേൾക്കുന്നുണ്ട്..
"വഴി ഇതാകുന്നു.. വിശ്വാസത്താൽ
ഇതിലേ നടന്നുകൊള്ളുക."

ഇന്നത്തെ ഭാരം മാത്രം ചുമന്നുള്ള
ഈ യാത്ര എനിക്ക് കഠിനമല്ല.
നാളെ എന്നെ തേടിയെത്തുമ്പോൾ
നാളത്തേക്കുള്ള കൃപ
നാഥൻ നൽകിക്കൊള്ളും.

സ്വന്തപുത്രനെ എനിക്കായി നൽകിയ
സ്വർഗ്ഗീയ താതന്റെ കരങ്ങളിൽ
എന്റെ സംവസ്തരങ്ങൾ സുരക്ഷിതം
പിന്നെ ഞാൻ എന്തിന്
ചിന്താകുലപ്പെടണം.

ക്രിസ്തുവിൽ ജീവിതം ഭദ്രമാക്കിയിട്ടുള്ള ഭക്തന്മാർക്ക് ഈ കവിതയിലെ വരികൾ ജീവിതാനുഭവമാണ്. കാരണം, നാം സേവിക്കുന്ന നമ്മുടെ കർത്താവ് കാലാധീതനും മാറ്റമില്ലാത്തവനുമാണ്. സങ്കീർത്തനം 102:27 "നീയോ അനന്യനാകുന്നു; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല." നമ്മുടെ നാളുകൾക്കും മാസങ്ങൾക്കും സംവത്സരങ്ങൾക്കും മാറ്റമുണ്ടെങ്കിലും നമ്മുടെ കർത്താവ് മാറ്റമില്ലാത്തവനാണെന്ന അറിവ് അനുദിനജീവിതത്തെ സധൈര്യം നേരിടുവാൻ നമുക്ക് ശക്തി പകരും.

ക്രിസ്തുവിനെക്കുറിച്ച് എബ്രായ ലേഖനകർത്താവ് "യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ തന്നേ." (എബ്രായർ 13:8) എന്നു പ്രഖ്യാപിച്ചിരിക്കുന്നു. അതേ, നമ്മുടെ കർത്താവ് ഇന്നലകളുടെ ദൈവമാണ്. ഇന്നിന്റെ ദൈവമാണ്. നാളകളുടെ ദൈവവും അവിടുന്നു മാത്രം.

അനന്യനായ യേശുകർത്താവിന്റെ മൂന്നുനാമങ്ങൾ ഓർപ്പിച്ച് ഈ പുതുവത്സരക്കുറിപ്പ് അവസാനിപ്പിക്കാം.

(1) എബെൻ–ഏസെർ: ഇന്നലകളുടെ ദൈവം (1 ശമുവേൽ 7:12 "പിന്നെ ശമൂവേൽ ഒരു കല്ല് എടുത്ത് മിസ്പയ്ക്കും ശേനിനും മദ്ധ്യേ നാട്ടി: ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു എന്നു പറഞ്ഞ് അതിന് ഏബെൻ–ഏസെർ എന്നു പേരിട്ടു." അർത്ഥം: സഹായത്തിന്റെ പാറ. അഥവാ, ഇന്നലകളിലേക്ക് തിരിഞ്ഞു നോക്കുന്ന ദൈവപൈതലിന്റെ സാക്ഷ്യമാണിത്: "യഹോവ എനിക്കു സഹായമായിരുന്നില്ലെങ്കിൽ എന്റെ പ്രാണൻ വേഗം മൗനവാസം ചെയ്യുമായിരുന്നു." (സങ്കീർത്തനം 94:17)

(2) ഇമ്മാനുവേൽ: ഇന്നിന്റെ ദൈവം (മത്തായി 1:22 "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന് ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേരു വിളിക്കും." അർത്ഥം: ദൈവം നമ്മോടു കൂടെ. അഥവാ, ഇന്നത്തെ പ്രശ്നങ്ങളിൽ എന്നെ സഹായിക്കാൻ ആരുണ്ടെന്ന് ചിന്തിക്കുന്ന ദൈവപൈതലിനുള്ള ദൈവത്തിന്റെ ഉത്തരം! "നീ ഭയപ്പെടേണ്ടാ ഞാൻ നിന്നോടുകൂടെ ഉണ്ട്; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും." (യെശ. 41:10)

(3) യഹോവ–യിരെ: നാളെയുടെ ദൈവം (ഉൽപ്പത്തി 22:14 "അബ്രാഹാം ആ സ്ഥലത്തിനു യഹോവ–യിരേ എന്നു പേരിട്ടു. യഹോവയുടെ പർവ്വതത്തിൽ അവൻ പ്രത്യക്ഷനാകും എന്ന് ഇന്നുവരെയും പറഞ്ഞുവരുന്നു." അർത്ഥം: കരുതുന്ന ദൈവം. അഥവാ, നാളയെക്കുറിച്ച് ചിന്തിക്കുന്ന ദൈവപൈതലിനുള്ള ദൈവത്തിന്റെ വാഗ്ദാനം! "അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെമേൽ ഇട്ടു കൊള്ളുവിൻ." (1 പത്രോസ് 5:7)